ഉത്തരം

(എ) 1999 ഒക്ടോബർ മുതൽ 2000 ഫെബ്രുവരി വരെ 3580 ചാക്ക് സിമന്റ് നൽകിയിട്ടുണ്ട്.

(ബി)-(ഇ) ഈ കാലഘട്ടത്തിൽ ദേശാഭിമാനിക്ക് കൊടുത്ത സിമന്റിന്റെ വിലയും ആ സമയത്തെ ഡീലർമാർക്കുള്ള വിലയും, ഇവ തമ്മിലുള്ള വില വ്യത്യാസവും അനുബന്ധമായി കൊടുത്തിട്ടുണ്ട്.†

27 (602) ഫാം തൊഴിലാളികളുടെ ശമ്പള പരിഷ്ക്കരണം

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാം തൊഴിലാളികളുടെ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കുന്നത് സംബന്ധിച്ച് സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഫാം തൊഴിലാളികളുടെ ശമ്പള പരിഷ്ക്കരണം എന്നത്തേയ്ക്ക് നടപ്പിലാക്കണം എന്ന് വിശദമാക്കുമോ?

ഉത്തരം

(എ)&(ബി) ഫാം തൊഴിലാളികലുടെ ശമ്പള പരിഷ്ക്കരണത്തിന് ആവശ്യമായ ശുപാർശകൾ സമർപ്പിക്കുന്നതിനായി ഒരു സമിതിയെ നിയോഗിക്കുകയും സമിതിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ മന്ത്രി സഭയുടെ പരിഗണനക്കായി സമർപ്പിച്ചിരിക്കുന്നു.

28 (603) വെസ്റ്റ് ഇന്ത്യാ സ്റ്റീൽ കമ്പനി

ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ വെസ്റ്റ് ഇന്ത്യാ സ്റ്റീൽ കമ്പനി ലോക്കൗട്ട് ചെയ്ത വിവരം ഗവൺമെന്റിനറിവുണ്ടോ;

(ബി) രണ്ടുവർഷത്തിലേറെയായി തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് ആശ്വാസം ലഭിക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഈ കമ്പനി ഏറ്റെടുക്കാനോ സ്വകാര്യമേഖലയിൽ തന്നെ നില നിർത്തി തുറന്നു പ്രവർത്തിപ്പിക്കാനോ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ എത്രയും പെട്ടെന്ന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly